# യു.എ ഖാദറിന്റെ ഹജ്ജ് യാത്ര ചില അനുഭവ പാഠങ്ങൾ

**എല്ലാ** മുൻകരുതലുകളും കണക്കുകൂട്ടലുകളും തെറ്റിക്കുന്ന ഒന്നാണ് ഹജ്ജ് യാത്ര. അപ്രതീക്ഷിതമായ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും ഹജ്ജ് യാത്രികൻ അഭിമുഖീകരിക്കേണ്ടിവരും. പ്രപഞ്ചനാഥനായ ഏക ഇലാഹിനെ മാത്രം വിളിച്ച് സഹായാർഥന നടത്താൻ നിർബന്ധിതമാകുന്ന ധാരാളം സന്ദർഭങ്ങൾ. വിശ്വാസികളെ പരീക്ഷണങ്ങളിലൂടെ കടഞ്ഞെടുത്ത് ദൈവിക സഹായം ലഭ്യമാകുന്ന എത്രയോ അവസരങ്ങൾ ഹജ്ജ് യാത്രയിലുണ്ടാവും.

കൃതഹസ്ത എഴുത്തുകാരൻ യു.എ ഖാദർ *മാധ്യമം* വാർഷികപ്പതിപ്പി(2008)ൽ 'നിയോഗ വിസ്മയങ്ങൾ' എന്ന ശീർഷകത്തിലെഴുതിയ ഹജ്ജ് യാത്രാനുഭവമാണ് ഈ ചിന്തകൾ ഉണർത്തിയത്. യു.എ ഖാദർ സ്വാനുഭവം കുറിക്കുന്നു: "ഒരു ഹജ്ജ് നിർവഹിക്കണമെന്ന ആഗ്രഹം സ്വാഭാവികമായും ചെറുപ്പം മുതലേ ഉണ്ടായിരുന്നു. ജുമാഅത്ത് പള്ളി ദർസിൽ പഠിക്കുന്ന കാലംതൊട്ട് മനസ്സിൽ കയറിയിരുന്നു."

"... മാനസികമായി തയാറെടുപ്പുകൾ പലതും സജ്ജമായെങ്കിലും എല്ലാറ്റിനും മീതെയുള്ള പണ സംബന്ധമായ 'ഒരുക്കം' പൂർണമാവുന്നില്ലല്ലോ എന്നതായിരുന്നു ആധി..." "എല്ലാ നല്ല കാര്യങ്ങൾക്കും അതിന്റെ പൂർത്തീകരണത്തിനായി ഒരു ദിവസമുണ്ടാവും എന്നതായിരുന്നു എന്റെ ശുഭാപ്തിവിശ്വാസം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഒരതിശയം പോലെ ഞങ്ങൾക്കു മുമ്പിൽ ഒരു വാതിൽ തുറക്കുകയായിരുന്നു. അന്നു രാത്രി എനിക്ക് ലഭ്യമാകേണ്ട ഒരു തുക വളരെ പൊടുന്നനവേ, ആകാശത്തിൽനിന്ന് വർഷിക്കുന്ന കാരുണ്യകനികളായി കനിഞ്ഞുവീഴുന്നു എന്ന ചൊല്ലു പോലെ എന്റെ കൈയിൽ വന്നു ചേർന്നു..."




പക്ഷേ ഹജ്ജ് യാത്രക്ക് അപേക്ഷ നൽകാനുള്ള തീയതി അവസാനിച്ചിരുന്നു. ഇനി എന്തു ചെയ്യുമെന്ന അങ്കലാപ്പിനിടയിലാണ് മറ്റൊരു വഴി തുറന്നുകിട്ടിയത്. സഹൃദയരായ ചില വ്യക്തികൾ വഴി എൻ.ആർ.ഐ ക്വാട്ടയിൽ പോകാൻ സാധിച്ചത്. "ഏതാനും ദിവസങ്ങൾക്കു ശേഷം എന്റെ ഹജ്ജ് ലക്കോട്ട് സ്വീകരിച്ചുവെന്നും ആ വർഷത്തെ ഹജ്ജ്കർമ പദ്ധതിക്കൊരുങ്ങിയ എന്റെ കവർ അംഗീകരിക്കപ്പെട്ടിരിക്കുന്നുവെന്നുമുള്ള നല്ല മറുപടി എനിക്കു കിട്ടി..."

വിശുദ്ധ കഅ്ബാലയത്തിന്റെ പ്രഥമ ദർശനത്തിൽ തന്നെ തന്നിലെ യുക്തിചിന്തകളുടെ മാറാലപ്പുതപ്പുകൾ അഴിഞ്ഞു വീണ അനുഭവം യു.എ ഖാദർ വിവരിക്കുന്നു: "കഅ്ബാലയത്തിൽ ആദ്യം പ്രവേശിക്കുന്നവർ 'ബാബുസ്സലാമിന്റെ' വാതിലിലിലൂടെ പ്രവേശിക്കണമെന്ന നിർദേശം സ്വീകരിച്ച് ഞങ്ങൾ ആ വാതിലിലൂടെ അകത്തേക്ക് കയറി. എന്റെ മുന്നിൽ 'കഅ്ബാലയം' കറുത്ത മൂടുപടത്തിൽ മുകളിലും താഴെയും സ്വർണ ഞൊറികളിൽ നിൽക്കുന്നു. ചെറുപ്പം തൊട്ടേ മനസ്സ് രൂപപ്പെടുത്തിവെച്ച അതേ സങ്കൽപത്തിന്റെ തേജസ്വരൂപം. എന്നിലെ എല്ലാതരം യുക്തിചിന്തകളുടെയും മാറാലപ്പുതപ്പുകൾ അഴിഞ്ഞുവീണു. നിയന്ത്രണാതീതമായ കണ്ണീർ പ്രവാഹം, ഉള്ളിൽ അടങ്ങാത്ത ഭക്തിസാന്ദ്രമായ ഒരത്ഭുത പ്രതിഭാസം ഉരുവം പ്രാപിക്കുന്നതിന്റെ ബഹിർ പ്രകടനമാവാം, ആത്മീയ മൂർഛയുടെ ഒരു തളർച്ച. എന്നിലെ എന്തെല്ലാമോ ഉരുകിയൊലിച്ചില്ലാതാവുകയാണ്. എന്റെ ശരീര

## ആമിനാ വദൂദിനെ മുൻവിധികളോടെ നേരിടുന്നു

**'ഖുർആനിലെ പെണ്ണ്'** സംബന്ധിയായി പി.ഐ നൗഷാദ് നടത്തുന്ന നിരീക്ഷണം പ്രത്യയശാസ്ത്ര നിലപാടുകൊണ്ട് പ്രസക്തമാണെങ്കിലും ആമിനാ വദൂദിന്റെ ചിന്തകളെ ലേഖകൻ സ്വൽപം കൂടി മൃദുവായി സമീപിക്കേണ്ടിയിരുന്നുവെന്ന് തോന്നി. ലൈല അഹ്മദിനെ പോലുള്ളവരിൽനിന്ന് ഭിന്നമായി താനൊരു റാഡിക്കൽ ഫെമിനിസ്റ്റല്ലെന്നും തന്റെ എതിർപ്പ് വിശുദ്ധ ഖുർആന് നൽകപ്പെട്ട ചില വ്യാഖ്യാനങ്ങളോട് മാത്രമാണെന്നും വദൂദ് ഇടക്കിടെ നമ്മെ ഓർമപ്പെടുത്തുന്ന വസ്തുത മറക്കാവതല്ല.

പ്രവാചകകാലഘട്ടത്തിൽ സ്ത്രീ അനുഭവിച്ച സ്വാതന്ത്ര്യം പിൽക്കാല പണ്ഡിതന്മാർ വല്ലാതെ പരിമിതപ്പെടുത്തിയെന്നത് സത്യമാണ്. ആഇശ(റ) നൂറ്റാണ്ടുകൾക്ക് മുമ്പ് ബുദ്ധിപരമായി നേരിട്ട ചില 'പ്രബല ഹദീസു'കൾ പോലും ഇന്നും സമുദായം വേദവാക്യമായി കൊണ്ടുനടക്കുന്നില്ലേ? ('പട്ടി, കഴുത, സ്ത്രീകൾ എന്നിവ മുമ്പിലൂടെ പോയാൽ വിശ്വാസികളുടെ പ്രാർഥന ഭഞ്ജിക്കപ്പെടു'മെന്ന ഉദ്ധരണി ഉദാഹരണം).

ഉത്തരാധുനികതയുടെ ആശയപരിസരത്ത് ആമിനാ വദൂദിനെ ബന്ധിക്കാൻ ലേഖകൻ വല്ലാതെ പാടുപെടുന്നുണ്ട്. അതിനു പകരം അവർ ജീവിക്കുന്ന ചുറ്റുപാടുകളുടെ സവിശേഷത കണക്കിലെടുത്ത് വദൂദിനെ കുറ്റമുക്തയാക്കലായിരുന്നു ബുദ്ധി. 'ഭാര്യ ഭർത്താവിന്റെ അടിമ'യാണെന്ന് ഇമാം ഗസാലി പറഞ്ഞതിനെ പറ്റി 'ഏത് മഹാനായ ചിന്തകനും കാലഘട്ടത്തിന്റെ സാംസ്കാരികബന്ധനങ്ങളിൽനിന്നും പൂർണമായും മുക്തനാവാൻ വയ്യ'ന്നെ ക്ലീൻചീറ്റാണല്ലോ നാം നൽകുന്നത് (*ബോധനം* 2008 സെപ്റ്റംബർ-ഒക്ടോബർ).

ആമിനാ വദൂദിന്റെ വിവാദകൃതിയെ പറ്റി വന്ന നിരൂപണങ്ങളിൽ ഒന്നിൽ പോലും അവർ ഉയർത്തുന്ന വാദഗതികളെ വസ്തുനിഷ്ഠമായി ഖണ്ഡിച്ചതായി കാണുന്നില്ല. ഉദാഹരണത്തിന് സുരസുന്ദരികളെ (ഹൂറുൽഈൻ) കുറിച്ച ഒരൊറ്റ സൂചനയും വിശുദ്ധ ഖുർആന്റെ മദനീ സൂറകളിൽ എന്തുകൊണ്ട് കാണുന്നില്ല എന്ന് വദൂദ് ചോദിക്കുന്നുണ്ട് (ഖുർആൻ ഒരു പെൺവായന, പേജ് 133). പകരം മദനീ സൂറകളിൽ 'അസ്‌വാജ്' (ഇണകൾ)എന്നു മാത്രമാണ് പ്രയോഗിച്ചിട്ടുള്ളത്.

ഒട്ടേറെ റഫറൻസ് കൃതികളുടെ അകമ്പടിയോടെ ആമിനാ വദൂദ് മുന്നോട്ടുവെക്കുന്ന ആശയങ്ങൾ മുൻവിധിയില്ലാതെ ഇനിയും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. വിശിഷ്യ സ്ത്രീശാക്തീകരണത്തിന്റെ ഈ പുതുകാലത്ത്.

**ഹസനുൽ ബന്ന കുഞ്ഞിമംഗലം**

ഭാരം പോലും ഇല്ലാതാവുന്നു. ഞങ്ങൾ ഇമ പൂട്ടാതെ 'കഅ്ബാലയ' വിസ്മയം നോക്കിയങ്ങനെ നിന്നു. സുന്നത്ത് നമസ്കാരത്തിന് കൈകെട്ടി-അല്ലാഹു അക്ബർ."

കഅ്ബാ പ്രദക്ഷിണാനന്തരമുള്ള നമസ്കാരശേഷം നടത്തിയ പ്രാർഥനയെക്കുറിച്ച് തുടർന്നെഴുതുന്നു: "മനസ്സിലെ സകലതും ഏറ്റുപറഞ്ഞ് പാപമുക്തിക്കായി പ്രാർഥിച്ചു. ഇരുകൈകളും ഉയർത്തി പ്രാർഥനാ നിരതനായപ്പോഴും എന്തോ കണ്ണുകളിൽനിന്ന് ധാരധാരയായി കണ്ണീരൊഴുകി. സങ്കൽപവും യാഥാർഥ്യവും കൂടിക്കുഴയുന്ന ഭക്തിയുടെയും വിശ്വാസദാർഢ്യത്തിന്റെയും അലൗകികമായ സ്വരച്ചേർച്ചയിൽ മനസ്സൊന്നായി മുഴുകുമ്പോൾ നിയന്ത്രണാതീതമായ ഭാവമാറ്റങ്ങൾ സംഭവിക്കുമായിരിക്കും. എന്റെ കണ്ണീർ ധാരകൾക്ക് കാര്യകാരണങ്ങൾ നിരത്തുവാൻ ഞാനശക്തനായിരുന്നു."

ഏറ്റവും പ്രയാസകരവും മുൻകരുതലുകൾ അനിവാര്യവുമായ കർമം ജംറയിലെ കല്ലേറാണ്. പലർക്കും മരണം കൺമുന്നിൽ കാണേണ്ടിവരുന്നു. സ്വയം രക്ഷക്ക് സാധിക്കാതെ ഇതികർത്തവ്യതാമൂഢനായി നിൽക്കുമ്പോഴായിരിക്കും നിനക്കാത്ത വഴിയിലൂടെ അല്ലാഹുവിന്റെ സഹായം ഇറങ്ങിവരുന്നത്.

"മിനായിലെ ആൾത്തിരക്കു കൂടിയ പാലത്തിലേക്ക് ഞാനും ഭാര്യയും നീങ്ങി. ജനപ്രവാഹത്തിന്റെ അലകൾക്കനുസൃതമായി പതുക്കെപ്പതുക്കെ, ശക്തങ്ങളായ കൈകളും ശരീരങ്ങളും ഉണ്ടാക്കുന്ന ഉരസലുകൾക്കിടയിലൂടെ ദുർബലരായ ഞങ്ങൾ ചെകുത്താൻ പ്രതീകത്തെ സമീപിക്കുകയാണ്. കിണറ്റിനു നടുവിൽ ഉയർന്നു കാണായ കല്ലിനെ ലക്ഷ്യം വെച്ച് ഞാനെറിഞ്ഞു. എന്റെ തൊട്ടരികെ നിൽപുണ്ടായിരുന്നവൾ എവിടെ? ഒറ്റ നോട്ടത്തിൽ ഞാൻ കാണുന്നത് ഏറിനായി ഉയർത്തിയ കൈകളോടെ ആരെയോ തട്ടി കമിഴ്ന്നു വീഴുന്ന എന്റെ ഭാര്യ. പിന്നിൽ നിൽക്കുന്ന ആവേശഭരിതരായ ജനക്കൂട്ടത്തിന്റെ തള്ളലിൽ പെട്ട്, കാൽ ചവിട്ടടികളിൽ പെട്ട് ഞെരുങ്ങി.. പക്ഷേ, ഞാൻ കാണുന്നത് കറുത്ത നെടുതായ ഒരു സുഡാൻകാരൻ അവളെ ഏറ്റുപിടിച്ച് പാലത്തിന്റെ കൈവഴിച്ചാലിന്റെയരികിലേക്കെത്തിക്കുന്നതാണ്. ഒരു നിമിഷത്തിന്റെ സൂക്ഷ്മതക്കുറവിൽ കാൽ വഴുതി വീഴുന്ന സ്ത്രീയെ സ്വന്തം കരതലത്തിൽ താങ്ങിയെടുത്ത് ജീവൻ രക്ഷപ്പെടുത്തിയ സുഡാൻകാരൻ, കെല്ലൻ, എന്റെ പരിഭ്രാന്തി കണ്ട് പുറം തട്ടി ആശ്വസിപ്പിച്ചു."

ഇങ്ങനെ ഒട്ടനവധി അനുഭവങ്ങൾ കോറിയിടുന്നു യു.എ ഖാദർ.

**ഹൈദറലി ശാന്തപുരം**

# ഖുർആൻനിന്ദ മലയാള കൃതിയിലും

**2006** നവംബറിൽ മൈത്രി ബുക്സ് പുറത്തിറക്കിയ 'മുഹമ്മദ് എന്ന മനുഷ്യൻ' മുസ്‌ലിംകളുടെ വിശ്വാസകാര്യങ്ങളെ വിമർശനബുദ്ധിയോടെ സമീപിക്കുന്നതാണ്. പുരോഗമന കലാസാഹിത്യ സംഘം, തിരുവനന്തപുരം ജില്ലാ കമ്മിറ്റി അംഗമായ ഡോ. എൻ.എം മുഹമ്മദലിയാണ് ഗ്രന്ഥകർത്താവ്- വായനയിലെ വിപ്ലവം എന്നാണ് പുറം ചട്ടയിൽ ഉള്ളത്. അവതാരിക എഴുതിയ ഡോ. എൻ.എം കാരശ്ശേരി ഗ്രന്ഥത്തെ വിശേഷിപ്പിക്കുന്നത് 'ചരിത്രത്തിന്റെ പേനകൊണ്ട് എഴുതുകയും മനശ്ശാസ്ത്രത്തിന്റെ കണ്ണ് കൊണ്ട് വായിക്കുകയും ചെയ്യുന്ന പുസ്തകം' എന്നാണ്. എങ്കിലും, അവിശ്വാസിയുടെ കണ്ണ് കൊണ്ട് പ്രവാചകനെ കാണുകയും വിശ്വാസികളെ പ്രകോപിപ്പിക്കാതെ ദൈവനിഷേധം പ്രചരിപ്പിക്കുകയുമാണ് ഈ കൃതി ചെയ്യുന്നത് എന്ന് നിസ്സംശയം പറയാം. ഗ്രന്ഥത്തിലെ ഏതാനും ഉദ്ധരണികൾ:

"മുഹമ്മദ് അസാമാന്യ പ്രതിഭാശാലി(Genius) ആയിരുന്നു. ജൂതക്രിസ്തുമതങ്ങളെ കുറിച്ച് കൂടുതൽ അറിയാൻ ശ്രമിച്ചു. മക്കയിലുണ്ടായിരുന്ന ജൂതന്മാരും ക്രിസ്ത്യാനികളുമായി നിരന്തരം സമ്പർക്കം പുലർത്തി. അവർ പറഞ്ഞുകേട്ടതും പ്രതിഭാശാലിയായ മുഹമ്മദിന്റെ ഭാവനയിൽ ഉദിച്ചതും ഊടും പാവും ചേർത്ത് തന്റേതായ ആത്മീയ ലോകം മുഹമ്മദ് സൃഷ്ടിച്ചു" (പേജ് 28, 40).

"ജൂതരുടെ മതത്തെക്കുറിച്ച് അറിയണമെന്ന് ആഗ്രഹമുള്ള അറബികൾക്ക് തോറാത്ത് മോശ (മൂസയുടെ തൗറാത്ത്)യിലെ കഥകൾ റബ്ബികൾ, സവിസ്തരം പറഞ്ഞുകൊടുത്തു. മുഹമ്മദ് സശ്രദ്ധം കേൾക്കുകയും പതിവായിരുന്നു. കാരണം സമൂഹത്തിൽ വളർന്നുവരുന്ന ധർമച്യുതികൾക്കെതിരെ എങ്ങനെ പ്രതികരിക്കണം എന്ന ചിന്ത മുഹമ്മദിനെ അലട്ടാൻ തുടങ്ങിയപ്പോൾ ആത്മീയതയിൽ പുതിയ മാർഗം കണ്ടെത്താനാണ് അദ്ദേഹം ശ്രമിച്ചത്"

"രാഷ്ട്രീയ അവബോധം ഉണ്ടായിരുന്ന മുഹമ്മദ് ഒരു ദൈവം, കേന്ദ്രീകൃതമായ ഭരണം, കേന്ദ്രീകൃതമായ ആരാധന എന്നെല്ലാം ചിന്തിച്ചിരിക്കണം" (പേജ് 40,41).

"മുഹമ്മദ് മക്കയിലെ പ്രഭുജനാധിപത്യത്തിന് (Oligarchy) പകരം രാജഭരണമല്ലാത്ത, എന്നാൽ വ്യക്തികേന്ദ്രീകൃതമായ പുതിയൊരു ഭരണക്രമമാണ് മദീനയിൽ നടപ്പാക്കിയത്. ഫലത്തിൽ അത് മുഹമ്മദിന്റെ മാത്രം ഭരണമായിരുന്നു. മുഹമ്മദിനു ശേഷം രൂപപ്പെട്ട മുസ്‌ലിം സാമ്രാജ്യത്തിൽ ഇത് രാജഭരണമായി രൂപാന്തരപ്പെട്ടു. ആധുനികകാലഘട്ടത്തിൽ 'ദൈവത്തിന്റെ ഭരണം' (ഹുക്കൂമെ ഇലാഹി) എന്ന രാഷ്ട്രവ്യവഹാരസിദ്ധാന്തം ആവിഷ്കരിച്ച ഇസ്‌ലാമിസ്റ്റുകൾ, തങ്ങളുടെ ജനാധിപത്യവിരുദ്ധ ഫാഷിസ്റ്റ് സിദ്ധാന്തത്തിന് ന്യായീകരണമായി ചൂണ്ടിക്കാണിച്ചത് മുഹമ്മദിനെ തന്നെയാണ്" (പേജ് 197).

"സ്വന്തം കഴിവിനെയാണ് മുഹമ്മദ്, അല്ലാഹുവിലേക്ക് പ്രലംബനം (Projection) ചെയ്തത്. വ്യക്തി, ഭാവനാ സമ്പന്നനും ധിഷണാശാലിയും ആണെങ്കിൽ മനസ്സിൽ രൂപം കൊള്ളുന്ന ആശയങ്ങളും രൂപകങ്ങളും എണ്ണത്തിലും വൈവിധ്യത്തിലും ഏറിയിരിക്കും. സർഗാത്മകതയുടെ അവിഭാജ്യഘടകമാണ് വാഗ്‌വിലാസം. സർഗാത്മകതയിലും ധിഷണയിലും ഉയർന്ന നിലവാരമുള്ള ഒരു വ്യക്തിയായിരുന്നു മുഹമ്മദ്" (പേജ് 180).

പർദയെപ്പറ്റി പറയുന്നത് കാണുക: "ഇസ്‌ലാം സ്ത്രീസ്വാതന്ത്ര്യത്തെ പൂർണമായും നിഷേധിച്ചു. പർദ ധരിക്കണമെന്ന് നിഷ്കർഷിച്ചതിലൂടെ സ്ത്രീ, പുരുഷന്റെ ലൈംഗിക ഉപഭോഗവസ്തു മാത്രമാണെന്ന് പ്രഖ്യാപിക്കുകയാണ് ചെയ്തത്. ആയിശക്കെതിരെ ഉണ്ടായ അപവാദപ്രചാരണം മുഹമ്മദിന്റെ മനസ്സിൽ ഉണ്ടാക്കിയ പ്രകമ്പനമാണ് സ്ത്രീകൾ പർദ ധരിക്കണമെന്നുള്ള നിബന്ധനയിൽ പ്രതിധ്വനിക്കുന്നത്" (പേജ് 168).

വിശുദ്ധ ഖുർആനിലെ ചരിത്രകഥകളെ വിലയിരുത്തിക്കൊണ്ട് എഴുതുന്നു: "ബൈബിൾ കഥയുടെ പൂർണരൂപം അറിയാത്ത മുഹമ്മദ്, ഗോഗ്, മഗോഗ് എന്ന പദങ്ങൾ രണ്ടു ഗോത്രങ്ങളുടെ പേരുകളാണെന്ന ധാരണയിൽ അറിയപ്പെടുന്ന എല്ലാ ലോകവും കീഴടക്കിയ അലക്സാണ്ടർ ചക്രവർത്തിയുടെ മിത്തിലേക്ക് സന്നിവേശിപ്പിച്ചു ദുൽഖർനൈൻ (ഇരട്ടക്കൊമ്പൻ) എന്ന ദുരൂഹതയുള്ള ഭരണാധികാരിയുടെ കഥയും സൃഷ്ടിച്ചു. കഥകൾ മറ്റുള്ളവരിൽനിന്ന് കേട്ടു മനസ്സിലാക്കാനും സ്വന്തം ഭാവന കലർത്തി ചിട്ടപ്പെടുത്താനും സമയം എടുക്കുമല്ലോ, അതുകൊണ്ടാണ് ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞുകൊണ്ടുള്ള ഖുർആൻ വചനങ്ങൾ ലഭിക്കാൻ കാലതാമസം വന്നത്" (പേജ് 107).

ഇത്തരം നിരവധി അബദ്ധജടിലമായ പരാമർശങ്ങൾ 238 പേജ് വരുന്ന പുസ്തകത്തിൽ ഉടനീളം കാണാം.

**കെ. മൊയ്തീൻ കോയ ശിവപുരം**

# ഗാന്ധിസത്തിന്റെ തിരോധാനവും ഹിന്ദുത്വത്തിന്റെ പുനരുത്ഥാനവും

**ഏതു** രാഷ്ട്രീയ മുന്നേറ്റവും സാമൂഹിക മാറ്റവും അവ സംഭവിക്കുന്ന കാലഘട്ടത്തിലെ ജനങ്ങളുടെ മനസ്സിനെ അഗാധമായി സ്വാധീനിക്കുന്നുണ്ട്. വിപ്ലവാത്മകമായ മാറ്റങ്ങൾ മാത്രമല്ല മന്ദഗതിയിലുള്ള സാമൂഹിക ചലനങ്ങളും ചെറിയ ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ പോലും ജനങ്ങളുടെ മൂല്യബോധത്തിൽ മാറ്റമുണ്ടാക്കുകയും ആത്മാവിനെ സ്പർശിക്കുകയും ചെയ്യുന്നു.

1950കൾ മുതൽ ഈ അടുത്ത കാലം വരെ കേരളത്തിലെ പൊതുബോധം മതനിഷേധത്തിന്റേതായിരുന്നു. ബുദ്ധിജീവികളും സാഹിത്യകാരന്മാരും നിരീശ്വര ചിന്തയോട് താൽപര്യം പുലർത്തി. ഇതിന്റെ കാരണം കേരളത്തിൽ കമ്യൂണിസ്റ്റ് പാർട്ടികൾക്കുണ്ടായിരുന്ന സ്വാധീനമാണ്. ഒരു പാർട്ടി എന്ന നിലക്ക് സി.പി.എമ്മോ സി.പി.ഐയോ യുക്തിവാദം പ്രചരിപ്പിച്ചിരുന്നില്ല. ഇ.എം.എസ്സിനെപ്പോലുള്ള കമ്യൂണിസ്റ്റ് താത്ത്വികർ യുക്തിവാദപ്രസ്ഥാനത്തെ എതിർക്കുക പോലുമുണ്ടായി. എന്നിട്ടും കേരളത്തിന്റെ പൊതു അന്തരീക്ഷം മതനിഷേധത്തിന്റേതായി ത്തീർന്നു. നേരിട്ട് പ്രചരിപ്പിച്ചിട്ടില്ലെങ്കിലും കമ്യൂണിസത്തിന്റെ യഥാർഥ ലക്ഷ്യവും ഫലവും മതനിഷേധപരമായിരുന്നു. വർഗസമരം, സോഷ്യലിസം, തൊഴിലാളി വർഗ ഐക്യം തുടങ്ങിയ ലക്ഷ്യങ്ങൾക്കു വേണ്ടിയുള്ള ഓരോ പ്രവർത്തനവും നേരിട്ട് മതത്തിനെതിരു തന്നെയായിരുന്നു.

സഹസ്രാബ്ദങ്ങളായി ഭാരതത്തിൽ വേരുകളുള്ള സവർണ മതത്തിനും ഇത്തരമൊരു ചരിത്രമുണ്ട്. ബ്രാഹ്മണ മേധാവിത്വം, ശൂദ്രരുടെയും ചണ്ഡാലരുടെയും ദാസ്യത്വം, മറ്റു സംസ്കാരങ്ങളോടുള്ള അസഹിഷ്ണുത, ഗോപൂജ-ഗോവധ നിരോധം, സതി തുടങ്ങിയവയാണ് സവർണ മതത്തിന്റെ അടിസ്ഥാനം. കുറേക്കാലം നീണ്ടുനിന്ന മുസ്‌ലിം ഭരണത്തിലൂടെയും ബ്രിട്ടീഷ് ഭരണത്തിലൂടെയും സമത്വചിന്ത എന്താണെന്ന് പഠിച്ചറിഞ്ഞതു മൂലം സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ജനങ്ങൾ ജാതിപീഡനം,ബ്രാഹ്മണാധിപത്യം തുടങ്ങിയ കാര്യങ്ങളോട് എതിർപ്പുള്ളവരായിത്തീർന്നിരുന്നു. എന്നിട്ടും സവർണ ജാതി മേധാവിത്വത്തെ കേന്ദ്രീകരിച്ചുള്ള പ്രത്യയശാസ്ത്രമായ ഹിന്ദുത്വ ഫാഷിസത്തിന് 1990-കളിൽ വീണ്ടും ശക്തമായി തലയുയർത്താൻ കഴിഞ്ഞു. ഇതിന് ഒരു പരിധി വരെ ഗാന്ധിജിയും അദ്ദേഹം നേതൃത്വം നൽകിയ ദേശീയ പ്രസ്ഥാനവും കാരണമായിട്ടുണ്ടെന്ന് കാണാം. സവർണ മതത്തിലധിഷ്ഠിതമായ രാഷ്ട്രീയത്തിന് ഗാന്ധിജിയും ദേശീയ പ്രസ്ഥാനവും മൃദുമുഖം നൽകിയതുകൊണ്ടാണ് '90കൾ വരെ ജീവൻ നിലനിർത്താൻ അതിനു കഴിഞ്ഞത്. ഹിന്ദു-മുസ്‌ലിം സാഹോദര്യത്തിന്റെ ശക്തനായ വക്താവായിരുന്നെങ്കിലും, ഗോഡ്സെ എന്ന ഹിന്ദുത്വവാദിയുടെ കരങ്ങളാലാണ് വധിക്കപ്പെട്ടതെങ്കിലും ഗാന്ധിജിയുടെ നയങ്ങൾ പരോക്ഷമായി ഹിന്ദുത്വത്തിന്റെ നിലനിൽപ് എളുപ്പമാക്കിയിട്ടുണ്ട്. വർണവ്യവസ്ഥ, ഗോവധ നിരോധം, മതപരിവർത്തന നിരോധം തുടങ്ങിയ ബ്രാഹ്മണ മതത്തിന്റെ അടിസ്ഥാനങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ഹരിജന നവോത്ഥാനം, ഹിന്ദു-മുസ്‌ലിം ഐക്യം തുടങ്ങിയവ പ്രോത്സാഹിപ്പിക്കാനാവും എന്ന് അദ്ദേഹം വിശ്വസിച്ചു. ഗാന്ധിജിയുടെ ജന്മനാടായ ഗുജറാത്തിൽ ഗാന്ധിയന്മാരിൽ നല്ലൊരു പങ്ക് ഫാഷിസ്റ്റ് താവളത്തിലാണെത്തിച്ചേർന്നതും ഗാന്ധിയന്മാരായി നിലനിന്നവർ പോലും മുസ്‌ലിം വംശഹത്യക്കെതിരെ കാര്യമായി പ്രതികരിക്കാതിരുന്നതും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. സാമൂഹിക, രാഷ്ട്രീയ പ്രവർത്തനങ്ങൾ ഏതു തരത്തിലുള്ളതായാലും അവ ഏതു അടിസ്ഥാന മൂല്യങ്ങളിലാണോ പടുത്തുയർത്തപ്പെട്ടത്, ആ മൂല്യങ്ങളാണ് ജനങ്ങളെ ആഴത്തിൽ സ്വാധീനിക്കുക എന്നതിന്റെ തെളിവാണ് ഗാന്ധിസത്തിന്റെ തിരോധാനവും സവർണ ഹിന്ദുത്വത്തിന്റെ പുനരുത്ഥാനവും.

**ഹനീഫ് വളാഞ്ചേരി**

# മാധ്യമങ്ങൾ വേട്ടക്കാരുടെ റോളിൽ

**ജനാധിപത്യ** സംവിധാനത്തിൽ മാധ്യമങ്ങളുടെ പങ്ക് വളരെ പ്രധാനമാണ്. മാധ്യമ ധർമമെന്നത് സമൂഹത്തോടുള്ള ബാധ്യത കൂടി ഉൾക്കൊള്ളുന്നതാണ്. മാധ്യമങ്ങളുടെ സത്യസന്ധതയും അന്വേഷണാത്മകതയുമാണ് സാധാരണക്കാരനെ സംഭവങ്ങളുടെ നിജസ്ഥിതി അറിയാൻ സഹായിക്കുന്നത്. പക്ഷേ, മുഖ്യധാരാ മാധ്യമങ്ങൾക്ക് അവയുടെ ധാർമിക കർത്തവ്യങ്ങൾ നിർവഹിക്കുന്നതിൽ സാരമായ വീഴ്ച പറ്റിയിട്ടുണ്ടെന്നത് സമ്മതിക്കേണ്ടിവരും. നിരപരാധികളെ വേട്ടയാടുന്ന മാധ്യമ സമീപന രീതികൾ ജനാധിപത്യത്തിന്റെ അടിസ്ഥാനങ്ങൾക്ക് തന്നെ കളങ്കമേൽപിക്കുന്നു.

മഹാത്മാഗാന്ധി പത്രങ്ങളുടെ ലക്ഷ്യത്തെ സംബന്ധിച്ച് പറഞ്ഞ കാര്യങ്ങൾ പ്രസക്തമാണിന്ന്. ജനവികാരം മനസ്സിലാക്കി അത് പ്രകടിപ്പിക്കാനുള്ള അവസരമൊരുക്കുക, ഉത്കൃഷ്ട മനോഭാവം ജനങ്ങളിൽ ഉണർത്തുക, സമൂഹത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന തിന്മകളെ നിർഭയം പുറത്തുകൊണ്ടുവരിക. പക്ഷേ കമ്പോളവത്കരിക്കപ്പെട്ട മാധ്യമരംഗത്ത് ഇതൊക്കെ ബാധകമാകാറുണ്ടോ? ഭരണകൂടത്തോടും അധികാര ദല്ലാളന്മാരോടും വിപണി ശക്തികളോടും കൂറും വിധേയത്വവും പുലർത്തുന്നതിനപ്പുറം സമൂഹത്തിന്റെ സ്വാഭാവികമായ നന്മയും വളർച്ചയും പോലും തടസ്സപ്പെടുത്തുന്ന അവസ്ഥയാണിപ്പോൾ. ഇന്ന് അധികാരി വർഗമോ പോലീസോ നൽകുന്ന വാർത്തകളും ചിത്രങ്ങളും അതേപടി യാതൊരു യുക്തിദീക്ഷയുമില്ലാതെ പകർത്തുകയാണ്.

രണ്ടാം ലോകയുദ്ധകാലത്തെ പ്രചാരണ തന്ത്രങ്ങളെ അപഗ്രഥിക്കുന്ന മൈക്കേൽ ബാൽഫർ, മസ്തിഷ്ക പ്രക്ഷാളന മാർഗങ്ങളെക്കുറിച്ച് പറഞ്ഞതിൽ ചിലത്, സത്യമാണെന്ന ആത്മാർഥമായ ധാരണകളോടെ വ്യാജപ്രസ്താവനകൾ നടത്തുക, നുണകൾ കൽപിച്ചുകൂട്ടി പറയുക, സൂചനകളിലൂടെ തെറ്റിദ്ധാരണകൾ പരത്തുക, സത്യത്തെ തമസ്കരിക്കുക, വാർത്താവിതരണത്തിൽ പക്ഷപാതം കാണിക്കുക തുടങ്ങിയവയാണ്. ഇതൊക്കെത്തന്നെയല്ലേ ഇന്ന് മുഖ്യധാരാ മാധ്യമങ്ങളും ചെയ്യുന്നത്. ഇത്തരം മാധ്യമ നിലപാടുകളെ സംബന്ധിച്ചും കോർപറേറ്റുകളുടെ ഒത്തുകളിയെ സംബന്ധിച്ചും സവിസ്തരം പ്രതിപാദിക്കുന്ന കൃതിയാണ് എഡ്വേർഡ് എസ് ഹെർമാനും നോം ചോംസ്കിയും ചേർന്നെഴുതിയ *മാനുഫാക്ചറിംഗ് കോൺസെന്റ്* (Manufacturing Concent).

മാധ്യമങ്ങൾ കേവലം കച്ചവട സംരംഭങ്ങളായി അധഃപതിച്ചിരിക്കുന്നു. അന്വേഷണാത്മക പത്രപ്രവർത്തനം കുറ്റിയറ്റുകൊണ്ടിരിക്കുന്നു. വിയറ്റ്നാം യുദ്ധവേളയിൽ അമേരിക്കക്കെതിരെ പൊതുജനാഭിപ്രായം രൂപപ്പെടാൻ ഇടയാക്കിയത് യുദ്ധമുന്നണിയിലുണ്ടായിരുന്ന മാധ്യമങ്ങളുടെ സത്യസന്ധതയും ആർജവവുമായിരുന്നുവെന്ന് പലരും നിരീക്ഷിച്ചിട്ടുണ്ട്.

**ഫസൽ കൊച്ചി, ജിദ്ദ**